പതിനാല്

# പാവങ്ങളുടെ പിതാവ്

## ഫാ. വലേരിയൻ പ്ലാത്തോട്ടം

**ചാ**വറ കുര്യാക്കോസ് ഏലിയാസച്ചന്റെ പ്രവർത്തനോന്മുഖജീവിതത്തിന്റെ പരിവർത്തനാത്മകമായ ചെയ്തികൾക്കു രൂപം കൊടുത്ത കേരള ക്രൈസ്തവ സമുദായം ഇന്നും അദ്ദേഹത്തിന്റെ സ്മരണയെ ഭക്ത്യാദരപുരസ്കരം കൊണ്ടാടി വരുന്നു. സ്വസമൂഹത്തിന്റെ നാഡിയടികൾ ശരിക്കും മനസ്സിലാക്കി, സമൂഹാംഗങ്ങളെ ഒരേ സമരനിരയിൽ അണിനിരത്തുവാൻ കഴിവുള്ള ഒരു നേതാവുപോലും ഇല്ലല്ലോ എന്ന് ചില അവശ്യസന്ദർഭങ്ങളിൽ നമ്മുടെ സമൂഹം ചിന്തിക്കാറുണ്ടല്ലോ. ഇന്ന് നമുക്കുള്ള നേതൃത്വം രാഷ്ട്രീയകാര്യങ്ങളിലും സാമൂഹ്യകാര്യങ്ങളിലും കാണിക്കുന്ന വിവരക്കേടും അവരുടെ അധികാരവടംവലികളും തീർത്തും മ്ലാനമായ ഭാവിയിലേക്കാണ് കൈചൂണ്ടുന്നത്.

സാമൂഹ്യനേതൃത്വത്തിന്റെ കരങ്ങളിൽ രാഷ്ട്രീയകറ പുരളുമ്പോഴും രാഷ്ട്രീയനേതൃത്വത്തിന്റെ കരങ്ങളിൽ വർഗ്ഗീയത പ്രവേശിക്കുമ്പോഴും എന്തൊക്കെ സംഭവിക്കുമെന്ന് പറയുക സാദ്ധ്യമല്ല. ഇത്തരം ഒരു സാഹചര്യത്തിൽ തനി രാഷ്ട്രീയനേതൃത്വമാണോ, അതോ അതിലും മഹത്തരവും അനുകരണയോഗ്യവുമായ മറ്റൊരു നേതൃത്വമാണോ നമുക്കാവശ്യം? തീർച്ചയായും രാഷ്ട്രീയേതര നേതൃത്വംതന്നെ. നമ്മുടെ സമൂഹം തന്നെ ഒരിക്കൽ അത്തരം ഒരു നേതാവിനെ കേരളക്കരയിൽ വളർത്തിയെടുത്തിട്ടുണ്ട്; ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. കാലാനുസൃതമായ രീതിയിൽ ആ പരിപാവന നേതൃത്വത്തിന്റെ ചുവടുപിടിച്ച് മുന്നോട്ടുപോകുവാൻ തന്റേടമുള്ള നേതാക്കന്മാരാണ് കേരളത്തിന് ഇന്നാവശ്യം.

കേരളചരിത്രത്തിൽനിന്നും നാം കേട്ടിട്ടുണ്ടായിരിക്കും 19-ാം നൂറ്റാണ്ടിൽ സമൂഹത്തിനു നേരിട്ട ദുരന്തങ്ങളെപ്പറ്റി. 16-ാം നൂറ്റാണ്ടുമുതലുള്ള വൈദേശിക കൈകടത്തലുകളാൽ വിള്ളലുകളും പോറലുകളും ഉണ്ടായ സമൂഹത്തിൽ 19-ാം നൂറ്റാണ്ടിൽ വീണ്ടും ദുരന്തങ്ങൾ തലയുയർത്തുകയായി.

ഛിദ്രങ്ങളുടെ വേലിയേറ്റത്തിൽ തികച്ചും നാശോന്മുഖമായ സമൂഹത്തെ നേരായ പാതയിലൂടെ നയിക്കുവാൻ തലക്കനമുള്ള നേതാവായി രംഗപ്രവേശനം ചെയ്ത ഒരനശ്വര വ്യക്തിയാണ് ചാവറപിതാവ്.

പുരോഹിതനെന്ന നിലയിലുള്ള സ്വന്തം ഉത്തരവാദിത്വങ്ങളെപ്പറ്റി തികച്ചും ബോധവാനായിരുന്ന അദ്ദേഹം, സമുദായാംഗങ്ങളുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനുള്ള ഒരു മാർഗ്ഗം കൂടിയായിട്ടാണ് തന്റെ കർമ്മയോഗത്തെ ആശ്ലേഷിക്കുവാൻ തീരുമാനിച്ചത്. ധ്യാനയോഗകാംക്ഷികളായ സഹപ്രവർത്തകരുമൊത്ത് സന്യാസം ആരംഭിച്ചുവെങ്കിലും കർമ്മയോഗത്തിലേക്ക് മൗറേലിയുസ് മെത്രാൻ അവരെ തിരിച്ചുവിട്ടപ്പോൾ അതിൽ ഏറ്റവും സന്തോഷിച്ചത് ചാവറയച്ചനായിരുന്നു. കേരളത്തിന്റെ അന്നത്തെ ആവശ്യം ഒരു ഗണം ധ്യാനയോഗികൾ ആയിരുന്നില്ല. ആദ്ധ്യാത്മികവും ഭൗതികവുമായി ജനത്തെ ഉയർത്താൻ തല്പരരും കെല്പുള്ളവരുമായ കർമ്മയോഗികളാണ് ഇവിടെ ആവശ്യമെന്ന് അദ്ദേഹത്തിന് നല്ല ബോദ്ധ്യമുണ്ടായിരുന്നു. അദ്ദേഹം നൽകിയ ആദ്ധ്യാത്മിക നേതൃത്വം തന്നെ ഇതിനു തെളിവാണ്. മതകാര്യങ്ങളിൽ തികച്ചും അജ്ഞരും അശ്രദ്ധരുമായിരുന്ന സമൂഹാംഗങ്ങളെ സഭാഗാത്രത്തിലെ ശക്തങ്ങളും ഉത്തമങ്ങളുമായ അവയവങ്ങളായി മാറ്റുവാൻ, ആദ്ധ്യാത്മിക ജീവൻ അവർക്ക് പകർന്നുകൊടുത്തേ മതിയാവൂ എന്ന് അദ്ദേഹം കണ്ടു.

ആദ്ധ്യാത്മികജീവന്റെ കേരളത്തിലെ *പവർ ഹൗസ്* ആയിരുന്നു ചാവറയച്ചൻ. പ്രസംഗപരമ്പരകൾ, ധ്യാനയോഗങ്ങൾ എന്നിവ വൈദികർ ഉത്തരവാദിത്വബോധത്തോടെ നടത്തുകയും, ജനങ്ങൾ അവയെ കാര്യമായി കണക്കാക്കി സഹകരിക്കുകയും ചെയ്യുന്നെങ്കിൽ, മതകാര്യങ്ങളിലുള്ള അറിവ് ആവശ്യം വളർന്നുകൊണ്ടിരിക്കും. എന്നാൽ ഇതു സംബന്ധിച്ച് കേരളത്തിൽ യാതൊരു ബോധവും ഇല്ലാതിരുന്ന കാലത്ത്, ഇവകൊണ്ടുണ്ടാകാവുന്ന നേട്ടം സൂക്ഷ്മദൃക്കായ അദ്ദേഹം മനസ്സിലാക്കി. ഇന്ന് കേരള ജനതയുടെ ആദ്ധ്യാത്മിക ജീവിതത്തിൽ പ്രസംഗ പരമ്പരകളും ധ്യാനയോഗങ്ങളും മറ്റും വഹിക്കുന്ന പങ്ക് വളരെ വലുതാണല്ലോ.

## ഭാരതീയസന്യാസം

അതിപ്രധാനമായ ഒരു കാര്യംകൂടി ഇവിടെ ഓർക്കേണ്ടതുണ്ട്. ആത്മാർത്ഥതയില്ലാത്ത മൈതാന പ്രസംഗങ്ങൾക്കോ, സ്വന്തം ജീവിതമാതൃകയിൽ അടിത്തറയില്ലാത്ത പ്രവർത്തനങ്ങൾക്കോ അല്ല അദ്ദേഹം ഇറങ്ങിത്തിരിച്ചത്. അദ്ദേഹം സ്വീകരിച്ചതും ഉപദേശിച്ചതുമായ ജീവിതരീതി ഒരുത്കൃഷ്ടജീവിത പദ്ധതിയിലേക്ക് തന്നെ വിരൽചൂണ്ടുന്നുണ്ട്.

ഭാരതസംസ്കാരത്തിന്റെ പര്യായമാണ് സന്യാസം. സന്യാസി അതിന്റെ പ്രതീകവും. ഭാരതചൈതന്യം ആർഷമാണ്. ഭാരതീയ വീക്ഷണത്തിൽ സന്യാസത്തിനു നിഷേധാത്മകവും ക്രിയാത്മകവുമായ രണ്ടു വശങ്ങളുണ്ട്.

സന്യസിക്കുക എന്നതിന് ഉപേക്ഷിക്കുക എന്നും, നിക്ഷേപിക്കുക എന്നും അർത്ഥമുണ്ട്. ഉപേക്ഷയിലൂടെയുള്ള നിക്ഷേപിക്കലാണ് ഭാരതീയ സന്യാസം.

അഹന്തയും ഫലേച്ഛയും ഉപേക്ഷിച്ചുകൊണ്ട് സ്വയം പരിപൂർണമായി ഈശ്വരനിൽ അർപ്പിക്കുന്ന ഒരു സ്ഥിതി വിശേഷമാണ് സന്യാസം. ഗീതയുടെ ഭാഷയിൽ *ബ്രഹ്മാർപ്പണബുദ്ധ്യാ അനാസക്തമായി കർമ്മം ചെയ്യുന്നവനാണ് സന്യാസി. കർമ്മത്തിന്റെ ത്യാഗമല്ല, കർമ്മഫലത്തിന്റെ ത്യാഗമാണ്* സന്യാസിയിൽനിന്ന് ഗീത ആവശ്യപ്പെടുന്നത്. കർമ്മഫലേച്ഛയുടെ തന്നെത്യാഗമാണ് സന്യാസത്തിന്റെ കാതൽ എന്നു വ്യക്തമാണ്.

ഫലത്തിന്റെ അനുഭവത്തിൽ സമചിത്തത പാലിക്കുകയാണ് ചെയ്യേണ്ടത്. ആസക്തി പാടില്ല. പ്രവൃത്തി ചെയ്യുമ്പോൾ അതിന്റെ ഫലത്തേയും ഫലേച്ഛയേയും ത്യജിക്കുന്നവനാണ് സന്യാസി. യഥാർത്ഥത്തിൽ ത്യാഗി. സന്യാസം, ത്യാഗം ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ല; ലൗകായതികത്തിൽനിന്നുള്ള ഒളിച്ചോട്ടമാണ്. ലോകവ്യാപാരങ്ങളെ അതു നിഷേധിക്കുന്നില്ല. ജലസാന്നിദ്ധ്യത്തിലും നിർലിപ്തമായിരിക്കുന്ന താമര ഇലപോലെ , ലോകത്തിലാണെങ്കിലും നിസ്സംഗനായിരിക്കുന്നവനാണ് സന്യാസി.

കർമ്മത്യാഗത്തേക്കാൾ കർമ്മയോഗം ശ്രേഷ്ഠമാണെന്നും നിഷ്ക്രിയനേക്കാൾ കർമ്മയുക്തൻ എളുപ്പത്തിൽ മുക്തി പ്രാപിക്കുമെന്നുമാണ് ഗീതയുടെ മതം. ഇതുതന്നെയാണ് അക്വിനാസും പഠിപ്പിക്കുന്നത്. സന്യാസികൾ സമുഹത്തിലെ സാത്വികന്മാരായിരിക്കണം, വ്യക്തികൾ പൂർണവളർച്ച പ്രാപിച്ചവരും, സംസ്ക്കാരസമ്പന്നരും, ഉത്തമപൗരന്മാരുമായിരിക്കണം. അവർ അനാസക്തരാണ്; നിരഹങ്കാരികളാണ്; ധൈര്യശാലികളാണ്; ഉത്സാഹികളാണ്; സമചിത്തരാണ്. അവരുടെ ചിന്ത പരിശുദ്ധമാണ്. ഭക്ഷണം മിതമാണ്. ആത്മസംയമനം ശീലിച്ചവരും ഈശ്വരധ്യാന തത്പരരും ശാന്തരുമാണ് അവർ.

നൈമിഷികവും അസ്ഥിരവുമായ ബന്ധങ്ങളിൽ നിന്ന് വിമുക്തി പ്രാപിച്ച സന്യാസി ഉന്നതമായ കാര്യങ്ങൾക്കായി യത്നിക്കുക സ്വാഭാവികമാണ്. അതോടൊപ്പം സാർവ്വലൗകികമായ സ്നേഹം അയാളുടെ ഹൃദയത്തിൽ സ്ഥലം പിടിക്കുകയും വിശാലമായ വീക്ഷണവും ചിന്തയും കൊണ്ട് ബുദ്ധിയും മനസ്സും നിറയുകയും ചെയ്യുന്നു.

സന്യാസി എല്ലാവർക്കും അഭിഗാമ്യനാണ്; സ്വീകാര്യനാണ്. എല്ലാ സൃഷ്ടികളും അയാളുടെ സ്നേഹഭാജനങ്ങളാണ്. സ്നേഹമാണ് അയാളുടെ നിയമം. അസൂയയ്ക്കും വിദ്വേഷത്തിനും അവിടെ സ്ഥാനമില്ല. അയാളുടെ സംസാരം സന്തോഷകരവുമാണ്.

സന്യാസ ജീവിതത്തിന് മറ്റൊരു വശം കൂടിയുണ്ട്. അതു സന്യാസികളുടെ അധൃഷ്യഭാവമാണ്. അവർ ദഹിപ്പിക്കുന്ന അഗ്നികണങ്ങളായി മാറുന്ന

അവസരങ്ങളുണ്ടാകും. സത്യത്തിന്റെയും ധർമ്മത്തിന്റെയും നീതിയുടെയും അതിർത്തിവരമ്പുകൾ ആരെങ്കിലും ലംഘിക്കുന്നതുകണ്ടാൽ അവരുടെ ധാർമ്മികരോഷം ആളിക്കത്തും. നീതിബോധം സമരകാഹളം മുഴക്കും. സത്യ ഘോഷണം ദിഗന്തങ്ങളിൽ മുഴങ്ങും. ഭാരതീയർക്ക് സന്യാസികൾ എന്നും വഴികാട്ടികളായിരുന്നു. ജനങ്ങൾക്ക് ധാർമ്മികനിയമങ്ങൾ ഉപദേശിക്കുന്നതും ഈശ്വര സാക്ഷാത്കാരത്തിനുള്ള മാർഗ്ഗങ്ങൾ കാണിച്ചു കൊടുക്കുന്നതും സന്യാസികളായിരുന്നു. ജനങ്ങൾ ജീവിതക്ലേശങ്ങളാൽ അലട്ടപ്പെടുമ്പോൾ ആശ്രയത്തിനു ചെല്ലുന്നതും സന്യാസികളുടെ പക്കലാണ്. ഈശ്വര സാന്നി ദ്ധ്യത്തിൽ ജനത്തിനുവേണ്ടി മാദ്ധ്യസ്ഥം വഹിച്ചിരുന്നതും സന്യാസികൾ തന്നെ. ഇത്തരത്തിലുള്ള ഒരു കർമ്മയോഗി സന്യാസമാണ് ചാവറപിതാവ് കരുപ്പിടിപ്പിച്ചു പോഷിപ്പിച്ചു പോന്നത്.

വ്യക്തിപരമായ വിശുദ്ധിയുടെ ബഹിർസ്ഫുരണമായിരുന്നു അദ്ദേഹം നൽകിയ ആദ്ധ്യാത്മിക നേതൃത്വം. ആ നേതൃത്വവാസന ആദ്ധ്യാത്മികത യുടെ പരിധിയിൽ അടങ്ങിയൊതുങ്ങി നിന്നില്ല. കേരള ജനതയുടെ സാമൂ ഹിക ജീവിതത്തിന്റെ എല്ലാതലങ്ങളിലും വെളിച്ചം വീശുവാൻ പോന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. രണ്ടാം വത്തിക്കാൻ സുനഹദോസ് തുറന്നുതന്ന വാതിലിലൂടെ സ്വതന്ത്രവായു പ്രവേശിച്ചിട്ടും, അധുനാതനീക രണത്തിനുവേണ്ടി സഭ നിലകൊള്ളുന്നുവെന്ന് കൗൺസിൽ ഉറക്കെ പ്രഖ്യാ പിച്ചിട്ടും, അവയ്ക്കെല്ലാം കേരളത്തിൽ ഇത്ര പ്രത്യാഘാതങ്ങൾ മാത്രം ഉണ്ടാ ക്കുവാനേ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പ്രഥമപാദത്തിലും സാധി ക്കുന്നുള്ളൂവെങ്കിൽ, ഒന്നരനൂറ്റാണ്ടുമുൻപ് ഒരാൾ നടത്തിയ പ്രവർത്തനങ്ങ ളെപ്പറ്റി പഠിക്കുമ്പോൾ പരിധികൾ വയ്ക്കണമല്ലോ. ആ പരിധികൾ കണ ക്കിലെടുത്തുകൊണ്ട് ചാവറപിതാവിന്റെ ജീവചരിത്രത്തിലൂടെ ഒരാവർത്തി കടന്നുപോകുമ്പോൾ മനസ്സിലാകും അദ്ദേഹത്തിന്റെ സാമൂഹിക സേവന ങ്ങൾ അതുല്യങ്ങളായിരുന്നുവെന്ന്. ഇദ്ദേഹം ബീജാവാപം ചെയ്യാത്തതും വിജയകരമായി നിർവ്വഹിച്ച് ജനപ്രീതി നേടാത്തതുമായ ഒരു പ്രസ്ഥാനവും ഇന്നു കേരളത്തിലില്ലെന്നു പറയാം. ഇന്നുള്ളവയെല്ലാം അദ്ദേഹം സമാരംഭി ച്ചതോ അവയുടെ ഭാവഭേദങ്ങളോ വികസിത ഭാവങ്ങളോ ആണ്.

**പാവങ്ങളുടെ പിതാവ്**

വിദ്യാഭ്യാസത്തിൽ ഇന്ന് കേരളം മുൻപന്തിയിൽ നിൽക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം മറ്റെങ്ങും അന്വേഷിക്കേണ്ടതില്ല. പ്രസിദ്ധീകരണരംഗത്ത് അദ്ദേഹം നൽകിയ നേതൃത്വം അനുപമമാണ്. പ്രസ്സുകൾ തികച്ചും അപൂർവ്വ വസ്തുക്കളായിരുന്ന അക്കാലത്ത് ഒരു പ്രസ്സുണ്ടാക്കുവാൻ, അദ്ദേഹം അത്യ ധികം പരിശ്രമിച്ചു. നൂറുനൂറു പ്രതിബന്ധങ്ങൾ വഴി മുടക്കിക്കൊണ്ടിരുന്നു. അവയെല്ലാം നിസ്വാർത്ഥനായ നേതാവിന് ചേർന്ന ധീരതയോടും ശുഭാപ്തി

വിശ്വാസത്തോടും കൂടെ അഭിമുഖീകരിച്ചതിന്റെ അനന്തരഫലമാണ് ഇന്നു നാം കാണുന്ന വമ്പിച്ച നേട്ടങ്ങൾ.

പാവങ്ങളോടു അനുകമ്പ കാണിക്കുന്നതിൽ അദ്ദേഹം മുൻപന്തിയിൽ തന്നെ നിന്നിരുന്നു. ഔദ്യോഗിക നിലയിലുള്ള സേവനത്തേക്കാൾ ആത്മാർത്ഥതയിൽ നിന്നുള്ള സേവനമാണ് അദ്ദേഹം അനുഷ്ഠിച്ചിരുന്നത്. സാധുക്കളുടെ സങ്കടങ്ങളും വേദനകളും ആ പിതൃഹൃദയത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു. ഏവർക്കും സ്വീകാര്യനും ആശ്വാസദായകനുമായി അദ്ദേഹം മാറി.

പാവപ്പെട്ടവർ അവരുടെ അനുദിനാവശ്യങ്ങൾക്കായി വാദിക്കുമ്പോൾ അന്ന് അവർക്കുവേണ്ടി ഒരു വാക്കെങ്കിലും ഉച്ചരിക്കുവാൻ കേരളത്തിൽ ഒരു നേതാവില്ലായിരുന്നു; നേതൃത്വമില്ലായിരുന്നു. അതെല്ലാം വേറെ ചിലർക്കു വേണ്ടി സൗകര്യപൂർവ്വം വിട്ടുകൊടുത്തിരിക്കുകയായിരുന്നു; വരേണ്യ പക്ഷത്തിനുവേണ്ടി മാത്രമായി സംവരണം ചെയ്യപ്പെട്ടിരിക്കുകയായി രുന്നു; ചാവറപിതാവിന്റെ ആദ്ധ്യാത്മികതയാകട്ടെ, സമുദായസേവന മാകട്ടെ, സാധുജനസേവനത്തിൽനിന്നും അദ്ദേഹത്തെ വിടുതലാക്കിയില്ല. പണപ്പിരിവുനടത്തിയും ഉള്ളതു മിച്ചംവച്ചും ധർമ്മം ഇരന്നും ആ ധന്യപുരു ഷൻ സാധുജന സംരക്ഷണം നടത്തിയിരുന്നതായി അദ്ദേഹത്തിന്റെ ജീവിതചരിത്രം സാക്ഷ്യം വഹിക്കുന്നു. സാധുക്കളെ സാമ്പത്തികമായും സാംസ്ക്കാരികമായും ഉയർത്തിക്കൊണ്ടു വരിക അദ്ദേഹത്തിന്റെയും സഹകാരികളുടെയും അതിപ്രധാന ഉന്നമായിരുന്നു. അദ്ദേഹത്തിന്റെ സാധു ജനസേവനത്തിൽ ജാതിമതഭേദമോ, ഇടുങ്ങിയ ചിന്താഗതിയോ ഉണ്ടായി രുന്നില്ല.

അന്നത്തെ കാലത്തുനിന്നു തുലോം വ്യത്യസ്തമായ പരിതസ്ഥിതിയിൽ ജീവിക്കുന്ന ഇന്നിന്റെ മക്കൾക്ക് അദ്ദേഹം എങ്ങനെ അനുകരണീയനാകും? നമുക്കുള്ള ആധുനിക സൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന കാലത്തു സേവ നത്തിന് ഉന്മേഷവും ഉണർവും പകർന്നുതരുവാൻ വ്യക്തമായ ചാക്രികലേ ഖനങ്ങളോ വത്തിക്കാൻ കൗൺസിലിന്റേതുപോലെ പുരോഗമനാത്മകമായ ചിന്താഗതികളോ ഇല്ലാതിരുന്ന കാലത്ത് സകലവിധ പ്രതിബന്ധങ്ങളെയും അതിജീവിച്ച് സമൂഹത്തിന് ധീരമായ നേതൃത്വം നൽകുവാൻ പോന്നവിധം പുരോഗമനാത്മകമായി ചിന്തിക്കുവാൻ അദ്ദേഹത്തിന് എങ്ങനെ കഴിഞ്ഞു? അന്നത്തെ കാലയളവു അനുസരിച്ച് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നാമിന്ന് വീക്ഷിക്കുന്ന തരത്തിലുള്ള നൂതന ചിന്തകളുടേയോ പുരോഗമനാ ശയങ്ങളുടേയോ ഫലങ്ങളായിരുന്നോ? അവയെ നൂതന ചിന്തകളെന്നോ, പുരോഗമനാശയങ്ങളെന്നോ വിളിക്കണമെങ്കിൽ വിളിക്കാം. എന്നാൽ, അതിലും ഉപരിയായി അദ്ദേഹത്തിന്റെ മാർഗ്ഗദർശിത്വത്തിലേക്കാണ് നമ്മുടെ ശ്രദ്ധ തിരിയേണ്ടത്.

അദ്ദേഹത്തിന് ഒരു മാതൃക ഉണ്ടായിരുന്നു; ക്രിസ്തു.

ക്രിസ്തുവിന്റെ പഠനങ്ങൾ ചാവറയച്ചൻ ഹൃദിസ്ഥമാക്കി. താൻ സ്വീകരിച്ച ഗുരുവിന്റെ വ്യക്തിത്വവുമായി അലിഞ്ഞുചേരുവാൻ ആവതും ശ്രമിച്ചു. ക്രിസ്തുവിനെപ്പോലെ പ്രവർത്തിക്കുവാൻ, പ്രസംഗിക്കുവാൻ, നന്മചെയ്യുവാൻ, ഒരു കൊച്ചു പാലസ്തീനാ, കേരളക്കരയിൽ അദ്ദേഹത്തിന്റെ മുമ്പിൽ വിരിഞ്ഞുകിടന്നു. അദ്ദേഹം അതു മനസ്സിലാക്കി. നന്മചെയ്തുകൊണ്ട് അദ്ദേഹം കേരളക്കരയിലൂടെ കടന്നുപോയി. അധികാര പീഠത്തിൽ ഉപവിഷ്ഠമാകുന്നതിലല്ല, നിസ്വാർത്ഥതയുടെ ശുശ്രൂഷാകവചം ധരിക്കുന്നതിലാണ് നേതൃത്വം അടങ്ങിയിരിക്കുന്നതെന്ന് നമ്മുടെ തലമുറയെ ചാവറപിതാവ് സ്വന്തം ജീവിതസാക്ഷ്യത്തിലൂടെ ശാന്തമായി ഉപദേശിക്കുന്നു.

■